## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 401 | 29.05.2019 - ൽ മറുപടിക്ക് |
|---|---|

## ദുരന്ത നിവാരണ സെസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ.ബഷീർ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. കൗൺസിൽ സംസ്ഥാനത്തിന് പ്രളയ സെസ് / ദുരന്ത നിവാരണ സെസ് ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 32-ാമത് ചരക്കുസേവന നികുതി കൗൺസിലിന്റെ മിനിറ്റ്സിലെ ഖണ്ഡിക 35 പ്രകാരം കേരളത്തിന് 1% ത്തിൽ കവിയാത്ത നിരക്കിൽ സെസ്സ് ചുമത്തുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ജി.എസ്.ടി. ക്ക് അധികമായി സെസ് കൂടി ഏർപ്പെടുത്തുമ്പോൾ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തിനകത്ത് സെസ്സ് നടപ്പിലാക്കുമ്പോൾ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ 5% മാത്രം ചരക്കുസേവന നികുതി ബാധകമായ എല്ലാ നിത്യോപയോഗ സാധനങ്ങളെയും സെസ്സ് പിരിയ്ക്കേണ്ട ഉൽപന്നങ്ങളുടെ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കോമ്പോസിഷൻ സ്വീകരിച്ചിട്ടുള്ള ചെറുകിട വ്യാപാരി വ്യവസായികളെ സെസ്സിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. ക്ക് മേലുള്ള സെസിലൂടെ എത്ര തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര കാലത്തേക്കാണ് സെസ് ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | 2019 ലെ കേരള സംസ്ഥാന ബഡ്ജറ്റിലെ 256-ാം ഖണ്ഡിക പ്രകാരം ഇതിലൂടെ പ്രതിവർഷം 600 കോടി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സെസ്സ് നിലവിൽ വരുന്നതുമുതൽ 2 വർഷത്തേയ്ക്കാണ് സെസ്സ് ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ